സന പരിപാടി, ജവഹർ തൊഴിൽദാന പരിപാടി, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി അവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുക എന്നതാണ് ഐ.ആർ.ഡി.പി. കൊണ്ടുദ്ദേശിക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അവരുടെ കുട്ടികളുടെ ക്ഷേമത്തിനും വേണ്ടിയുള്ള പരിപാടിയാണ് വനിതാ ശിശുവികസന പരിപാടി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുവാൻ കഴിയത്തക്ക രീതിയിലുള്ള സ്വയംതൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം പരിശീലന പരിപാടി. തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് തൊഴിൽദാന പരിപാടിയുടെ മുഖ്യോദ്ദേശ്യം. അതിനുതകുന്ന അടിസ്ഥാനസൗകര്യങ്ങളും ആസ്തികളും മെച്ചപ്പെടുത്തുകയും തൻമൂലം ഗ്രാമീണരുടെ പൊതുജീവിതനിലവാരം ഉയർത്തുകയുമാണ് മറ്റു ഉദ്ദേശ്യങ്ങൾ. ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കാർഷിക ജോലികൾ കുറവുള്ള മാസങ്ങളിൽ 100 ദിവസത്തെ വേതന തൊഴിൽ ഉറപ്പാക്കുകയാണ് ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ലക്ഷ്യം.

26 (*306) മൺസൂൺ ടൂറിസം വികസന പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. വർഗ്ഗീസ് വൈദ്യർ
ശ്രീ. ടി.കെ. നൗഷാദ്
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസം-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൺസൂൺ ടൂറിസ വികസന പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മൺസൂൺ ടൂറിസ വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹായത്താലാണ് മൺസൂൺ ടൂറിസം വികസനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് മൺസൂൺ ടൂറിസം വികസന പദ്ധതിയുടെ നടത്തിപ്പിനായുള്ള മൂലധന നിക്ഷേപം എങ്ങനെ സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(എഫ്) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മൺസൂൺ ടൂറിസ വികസന പദ്ധതിയുടെ നടത്തിപ്പിനായി തുക വക കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) 'മൺസൂൺ ടൂറിസം' എന്ന പേരിൽ പ്രത്യേകം വികസന പദ്ധതികൾ നടപ്പാക്കുന്നില്ല. എന്നാൽ ഗൾഫ് മേഖലയിൽനിന്നും മൺസൂൺ സീസണിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ഗൾഫിൽ ഒരു പ്രതിനിധി ആഫീസ്, പരസ്യപ്രചാരണം, റോഡ്ഷോ തുടങ്ങിയവ വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് മൊത്തം ഒരു കോടി രൂപ ചെലവ് കണക്കാക്കുന്നു. കൂടാതെ മുംബൈ, ഗുജറാത്ത് മാർക്കറ്റുകളിൽനിന്നും ആഭ്യന്തര ടൂറിസ്റ്റുകളെ മൺസൂൺ സീസണിൽ കൂടുതലായി ആകർഷിക്കുന്നതിനായി റോഡ്ഷോ, പരസ്യപ്രചാരണം തുടങ്ങിയവ നടത്തുന്നുമുണ്ട്.

(ബി),(സി),(ഡി),(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

27 (*307) യാചകരുടെ പുനരധിവാസം

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. ജോസ് ബേബി :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് മൊത്തത്തിൽ ബാധകമായ യാചക നിരോധന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് യാചകരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) നിലവിലുള്ള നിയമങ്ങളനുസരിച്ച് കോടതികളിൽനിന്ന് ശിക്ഷിച്ചയയ്ക്കുന്ന യാചകരെ താമസിപ്പിക്കുന്നതിന് സ്ഥാപനമുണ്ടോയെന്നും, എങ്കിൽ ഇവയിൽ മൊത്തം എത്രപേർ താമസിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ഡി) സംസ്ഥാനത്തൊട്ടാകെ ബാധകമായ യാചക നിരോധനനിയമം നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തു മൊത്തത്തിൽ ബാധകമായ ഒരു യാചക നിരോധന നിയമം നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ താഴെപ്പറയുന്നവയാണ്.

1. 1120-ലെ ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട്.
2. 1120-ലെ കൊച്ചിൻ വേഗ്രൻസി ആക്ട്.
3. 1945-ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട്.

(ബി) സംസ്ഥാനത്തെ യാചകരുടെ പുനരധിവാസവും, സംരക്ഷണവും ലക്ഷ്യമാക്കി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെയും, സർക്കാരിന്റെ ധനസഹായത്തോടെയും തിരുവനന്തപുരം,

LIBRARY ARCHIVES Kerala Legislative Assembly